**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **11-09-2023 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കാമോ; | (എ) | "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റിക്കാർഡുകൾ നാലു വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിയാണ് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. പദ്ധതിയുടെ ആദ്യത്തെ മൂന്ന് വർഷങ്ങളിൽ 400 വില്ലേജുകൾ വീതവും, നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് തുടർ നടപടികൾ പുരോഗതിയിലാണ്. പ്രസ്തുത 200 വില്ലേജുകളിലായി 131373 ഹെക്ടർ പുരോഗതി ആർജ്ജിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളുടെ പ്രാരംഭ ജോലികളും നടന്നുവരുന്നു. |
| (ബി) | ഏതൊക്കെ സ്ഥലങ്ങളിൽ ഡിജിറ്റൽ സർവ്വേ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ; | (ബി) | ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 200 വില്ലേജുകളിൽ 32 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതും തുടർന്ന് ലഭ്യമായ പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലുമാണ്. |
| (സി) | ഭൂമി സംബന്ധമായ കേസുകളും പരാതികളും ഉള്ള സ്ഥലങ്ങളിൽ സർവ്വേ പൂർത്തീകരിക്കുന്നതിനു രൂപീകരിച്ചിട്ടുള്ള കർമ്മപദ്ധതിയുടെ വിശദാംശം അറിയിക്കുമോ; | (സി) | ഭൂമി സംബന്ധമായ കേസുകൾ നിലവിലുള്ള സ്ഥലങ്ങളിൽ കോടതി ഉത്തരവുകൾക്ക് വിധേയമായി സർവ്വെ നടപടികൾ പൂർത്തിയാക്കുന്നതാണ്. പൂർണ്ണ ജനപങ്കാളിത്തത്തോടെയാണ് ഡിജിറ്റൽ സർവെ നടത്തുന്നത്. പദ്ധതി സംബന്ധിച്ച വിവരം ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ഡിജിറ്റൽ സർവെയുടെ |

| | | | |
|---|---|---|---|
| | | | പ്രാധാന്യത്തെ കുറിച്ച് വിശദീകരിക്കുന്നതിനും, ഭൂ സംബന്ധമായ ആശങ്കകൾ പരിഹരിക്കുന്നതിനും ഒന്നാം ഘട്ടത്തിൽ തിരഞ്ഞെടുത്തിട്ടുള്ള 200 വില്ലേജുകളിലെ എല്ലാ വാർഡുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്പെഷ്യൽ ഗ്രാമ സഭകളായി സർവെ സഭകൾ സംഘടിപ്പിച്ച് ഡിജിറ്റൽ സർവെ പദ്ധതിയെ സംബന്ധിച്ച് വിശദീകരിച്ച് നൽകിയിട്ടുണ്ട്. ഓരോ വില്ലേജിലും എല്ലാ ഭൂവുടമകളെയും പങ്കെടുപ്പിച്ചുകൊണ്ട് വാർഡ് തലത്തിൽ ജാഗ്രതാ സമിതി സംഘടിപ്പിച്ച് ഡിജിറ്റൽ റീസർവ്വെ സംബന്ധിച്ച അവബോധം നൽകി വരുന്നു. കൂടാതെ സർവെ സംബന്ധമായ സംശയങ്ങൾക്ക് മറുപടി നൽകുന്നതിനായി 1800-4255-080 എന്ന ടോൾഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനും സർവെ സംബന്ധിച്ച് പൊതുജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും "എന്റെ ഭൂമി" എന്ന ഓൺലൈൻ പോർട്ടൽ സജ്ജീകരിച്ചിട്ടുള്ളതും സർവെ വിവരം ഭൂവുടമസ്ഥരുടെ മൊബൈൽ ഫോണിൽ SMS ആയി നൽകുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുള്ളതുമാണ്. |
| (ഡി) | ഡിജിറ്റൽ സർവ്വേയ്ക്ക് നിയമ ഭേദഗതികൾ ആവശ്യമായി വന്നിട്ടുണ്ടോ; ഏതൊക്കെ നിയമങ്ങളിലാണ് ഭേദഗതിക്ക് ഉദ്ദേശിക്കുന്നതെന്ന വിശദാംശം അറിയിക്കുമോ? | (ഡി) | ഡിജിറ്റൽ സർവ്വെ പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിന് കേരള സർവ്വെ അതിരടയാള ചട്ടം 1964 ൽ ഭേദഗതികൾ വരുത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലാണ്. കൂടാതെ നിലവിലെ സർവ്വെ, റവന്യൂ നിയമ സംവിധാനത്തിലൂടെ മാത്രം പരിഹരിക്കാൻ സാധിക്കാത്ത അപാകതകൾ പരിഹരിക്കുന്നതിന് ഒരു സെറ്റിൽമെന്റ് നിയമം കൊണ്ട് വരുന്നതിനുള്ള നടപടികളും സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ